**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 489** **11-06-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ പഞ്ചായത്തിലെ റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്ത് ആസ്തി രജിസ്റ്ററുകളിലുൾപ്പെട്ട റോഡുകളെല്ലാം രൂക്ഷമായ കടലാക്രമണത്താലും വെള്ളക്കെട്ടിനാലും തകർന്നിട്ടും പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് മറ്റ് ഫണ്ടുകളൊന്നും ലഭ്യമല്ലെന്നിരിക്കെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് റോഡുകൾ ടൈൽ പാകുന്നത് ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിലൂടെ പുനരുദ്ധരിക്കുന്നതിന് ഉണ്ടാകുന്ന തടസ്സങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | **ടൈൽ പാകിയുള്ള റോഡ് നിർമ്മാണം എല്ലാ സാഹചര്യത്തിലും അവലംബിക്കാവുന്ന ഒരു പൊതു റോഡ് നിർമ്മാണ രീതിയായി അംഗീകരിച്ചുകൊണ്ട് അനുവദിക്കാൻ ആസ്തി വികസന ഫണ്ടിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥയില്ല. എന്നാൽ റോഡിന്റെ സ്വഭാവവും സാങ്കേതികമായ അനിവാര്യതയും പരിഗണിച്ചുകൊണ്ട് ടൈൽ പാകേണ്ടത് ചില സാഹചര്യങ്ങളിൽ റോഡ് നിർമ്മാണത്തിന് അനിവാര്യമാകാറുണ്ട്. അങ്ങനെയുള്ള കേസുകളിൽ ആവശ്യകത പരിഗണിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാങ്കേതിക അനിവാര്യത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ആത്യാവശ്യമെങ്കിൽ മാത്രം ടൈൽ പാകലിന് പ്രത്യേകാനുമതി നൽകാം എന്ന ധനകാര്യ വകുപ്പിന്റെ നിലപാട് പുന: പരിശോധിക്കുന്നത് നിലവിൽ പരിഗണനയിൽ ഇല്ല.** |
| (ബി) | നാളിതുവരെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ചെയ്തിരുന്ന പ്രസ്തുത പ്രവൃത്തികൾക്ക് പ്രത്യേകാനുമതി വാങ്ങിയാൽ മാത്രമേ ഭരണാനുമതി ലഭിക്കൂ എന്ന ധനകാര്യ വകുപ്പിന്റെ ഉത്തരവ് പുനപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | **ടൈൽ പാകിയുള്ള റോഡ് നിർമ്മാണം എല്ലാ സാഹചര്യത്തിലും അവലംബിക്കാവുന്ന ഒരു പൊതു റോഡ് നിർമ്മാണ രീതിയായി അംഗീകരിച്ചുകൊണ്ട് അനുവദിക്കാൻ ആസ്തി വികസന ഫണ്ടിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥയില്ല. എന്നാൽ റോഡിന്റെ സ്വഭാവവും സാങ്കേതികമായ അനിവാര്യതയും പരിഗണിച്ചുകൊണ്ട് ടൈൽ പാകേണ്ടത് ചില സാഹചര്യങ്ങളിൽ റോഡ് നിർമ്മാണത്തിന് അനിവാര്യമാകാറുണ്ട്. അങ്ങനെയുള്ള കേസുകളിൽ ആവശ്യകത പരിഗണിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാങ്കേതിക അനിവാര്യത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ആത്യാവശ്യമെങ്കിൽ മാത്രം ടൈൽ പാകലിന് പ്രത്യേകാനുമതി നൽകാം എന്ന ധനകാര്യ വകുപ്പിന്റെ നിലപാട് പുന: പരിശോധിക്കുന്നത് നിലവിൽ പരിഗണനയിൽ ഇല്ല.** |

സെക്ഷൻ ഓഫീസർ